**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2549** **06-10-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയനുസരിച്ച് ഇളവിനായി എത്ര കുട്ടികൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ സഹായം ലഭിക്കുന്നതിന് ELRS പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.01.2018 ആയിരുന്നു. ഈ തീയതി വരെ 78062 അപേക്ഷകൾ വിവിധ ബാങ്ക് ബ്രാഞ്ചുകളിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിൽപ്പെട്ട എത്ര കുട്ടികൾക്ക് ഈ പദ്ധതിയനുസരിച്ച് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം ബാങ്ക് തല പരിശോധനകൾ കഴിഞ്ഞ് സർക്കാരിൽ ലഭ്യമാക്കുന്ന അർഹരായ അപേക്ഷകർക്കാണ് സർക്കാർ വിഹിതം അനുവദിക്കുന്നത്. വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ സഹായം ലഭിക്കുന്നതിന് ELRS പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.01.2018 ആയിരുന്നു. ഇതുവരെ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അർഹരായ 21794 അപേക്ഷകർക്ക് സർക്കാർ സഹായം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ ആനുകൂല്യം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | 16/05/2017–ലെ സ.ഉ.(അച്ചടി)നം.65/ 2017/ധന ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത്. ഈ പദ്ധതിയിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2018 ജനുവരി 31 ആയിരുന്നു. ടി പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ വാർഷിക കുടുംബ വരുമാന പരിധി 01-04-2016 പ്രകാരം 6 ലക്ഷം അധികരിക്കുവാൻ പാടില്ല. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 9 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകളെ എൻ.പി.എ അക്കൗണ്ടുകളെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെന്നും (എൻ.പി.എ ആകാത്തവ) രണ്ടായി തിരിച്ചാണ് പദ്ധതി സഹായം നൽകി |

| | | | |
|---|---|---|---|
| | | | വരുന്നത്. എൻ.പി.എ ആയ അക്കൗണ്ടുകളെ സംബന്ധിച്ച് അവ 2016 മാർച്ച് 31 നോ അതിനു മുമ്പോ എൻ.പി.എ ആയിരിക്കണമെന്നും, സ്റ്റാൻഡേർഡ് അക്കൗണ്ടുകളെ സംബന്ധിച്ച് അവയുടെ തിരിച്ചടവ് തുടങ്ങുന്ന തീയതി 2012 ഏപ്രിൽ 1 നും 2016 മാർച്ച് 31 നും ഇടയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡപ്രകാരം നഴ്സിംഗ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെ തന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിംഗ് ഇതര കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കു മാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിംഗ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലെയോ, LBS, CAPE, IHRD, CCEK, SCT, Universities in Kerala തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. ടി മാനദണ്ഡങ്ങൾ പ്രകാരമല്ലാത്ത അപേക്ഷകൾക്ക് ആനുകൂല്യം നൽകാൻ സാധിക്കുകയില്ല. |
| (ഡി) | പദ്ധതിയ്ക്ക് വേണ്ടിയുള്ള തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വിദ്യാഭാസ വായ്പാ തിരിച്ചടവ് സഹായത്തിനായി '2202-03-001-88-Education Loan Repayment support scheme' എന്ന ശീർഷകം നിലവിലുണ്ട്. പ്രസ്തുത ശീർഷകത്തിൽ നടപ്പ വർഷം തുക വകയിരുത്തിയിട്ടില്ല. എന്നാൽ ടി പദ്ധതിയുടെ ഭാഗമായ ഗുണഭോക്താക്കൾ ലഭ്യമാക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാർ വിഹിതമായി അനുവദിക്കേണ്ടുന്ന തുക മേൽ ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ